# വികാസ് മണി ലിമിറ്റഡ്

**(പ്രാബല്യത്തിൽ, March 30, 2013)**

ആമുഖം : ബാങ്കിതര ധനകാര്യസ്ഥാപനങ്ങൾക്കു വേണ്ടി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ മാതൃക മാർഗ്ഗനിർദ്ദേശം അനുശാസിക്കുക വഴി "ഫെയർ പ്രാക്ടീസ് കോഡ്" സ്വീകരിക്കാനും, അതുവഴി നല്ല ബിസിനസ്സ് ഉറപ്പു വരുത്താനും കഴിയുന്നു. വികാസ് മണി ലിമിറ്റഡ് (താഴെ പറയുന്ന ഭാഗങ്ങളിൽ ഉദ്ധരിച്ചിരിക്കുന്നത് "വികാസ് ). റിസർവ് ബാങ്ക് ഓഫ് ഇന്ത്യ മാർഗ്ഗനിർദ്ദേശ പ്രകാരം സമയാസമയങ്ങളിൽ മാറ്റം വരുത്തി മികച്ച സേവനം ഉറപ്പാക്കുന്നു.

വികാസിന്റെ നയം ഇടപാടുകാരെ നല്ല രീതിയിൽ പരിപാലിക്കുക എന്നതാണ്. വികാസിലെ എല്ലാ ജീവനക്കാരും എല്ലാ ഇടപാടുകാരോടും ഏറ്റവും നന്നായി, എല്ലാവരോടും തുല്യമായി സ്ഥിരതയോടുകുടിയും, പ്രോത്സാഹനജനകമായും എല്ലാ കാര്യത്തിലും പിന്തുണയോടുകൂടിയ പ്രവർത്തനം വാഗ്ദാനം ചെയ്യുന്നു. തങ്ങളുടെ വെബ്സൈറ്റിൽ "ഫെയർ പ്രാക്ടീസ് കോഡ്" പ്രദർശിപ്പിക്കുക വഴി ഇടപാടുകാരുമായി ആശയ വിനിമയം നടത്താൻ വികാസിന് കഴിയുന്നു.

"ഫെയർ പ്രാക്ടീസ് കോഡ്" നടപ്പിൽ വരുത്തുക എന്നത് സ്ഥാപനത്തിന്റെ മൊത്തം ഉത്തരവാദിത്വം ആയിരിക്കും എന്ന് വികാസ് ഉറപ്പ് നൽകുന്നു. വികാസിന്റെ Fair Lending Practice അതിന്റെ എല്ലാ പ്രവർത്തന മേഖലകളിലും, അതായത് വിപണനം, വായ്പാ ഉറവിടം, തുടർപ്രവർത്തനം, സേവനം, ധനശേഖരണം എന്നിവയിൽ നടപ്പിൽ വരുത്തുന്നതാണ്. "ഫെയർ പ്രാക്ടീസ് കോഡ് "നോടുള്ള വികാസിന്റെ ബാധ്യതയിൽ ജീവനക്കാരുടെ ഉത്തരവാദിത്വം വഴി കാണിക്കൽ, ഓഡിറ്റിംഗ് പ്രോഗ്രാം, സ്ഥാപനത്തിനകത്തെ നിയന്ത്രണം കൂടാതെ സാങ്കേതികവിദ്യയുടെ പരമാവധി ഉപ യോഗം എന്നിവ ഉൾപ്പെടുന്നു.

വികാസിന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സും മാനേജ്മെന്റും വിശദമായ "ഫെയർ പ്രാക്ടീസ് കോഡ്" നടപ്പിലാക്കാനും, അതുവഴി എല്ലാ ഇടപാടുകാർക്കും വ്യത്യസ്തങ്ങളായ ധനകാര്യ സേവനങ്ങൾ, അതായത് വായ്പ ഉൾപ്പെടെയുള്ളവ നടത്തിക്കൊടുക്കുവാനും, അത് എല്ലാ ജീവനക്കാർക്കും അറിയുന്നതുമാകുന്നു.

A) ലോൺ

**1. ലോണിനുള്ള അപേക്ഷയും അതിന്റെ തുടർ പ്രവർത്തനങ്ങളും** :

(എ) വായ്പക്കാരനുമായുള്ള എല്ലാ ഇടപാടും (്രദേശികഭാഷയിൽ അതായത് മലയാളത്തിൽ ആയിരിക്കു കയും അല്ലെങ്കിൽ വായ്പാക്കാരനൻ മനസ്സിലാകുന്ന ഏതു ഭാഷയിലും ആകാം.

B) ലോൺ അപേക്ഷാഫോറത്തിൽ പലിശയെക്കുറിച്ചുള്ള വിവരം ഉണ്ടായിരിക്കും. അതുകൊണ്ട് വായ്പാ ക്കാരന് മറ്റു ബാങ്കിതര ധനകാര്യസ്ഥാപനങ്ങളുമായി ഒരു താരതമ്യം നടത്താനും തീരുമാനങ്ങൾ എടുക്കാനും കഴിയുന്നു. വായ്പാ അപേക്ഷാ ഫോമിന്റെ കൂടെ ഹാജരാക്കേണ്ട രേഖകളുടെ വിവരവും ഉണ്ടായിരി ക്കുന്നതാണ്.

സി . വായ്പാ അപേക്ഷാ ഫോറം സ്വീകരിച്ചു എന്നതിന് ഒരു രശീതി ഇടപാടുകാരൻ നൽകുക എന്ന നയം വികാസ് സ്വീകരിച്ചിരിക്കുന്നു. കൂടാതെ ലോൺ അപേക്ഷ തീർപ്പാക്കുന്ന കാലാവധി കൂടി അതിൽ സൂചിപ്പിച്ചിട്ടു ണ്ടായിരിക്കും.

**II. വായ്പാ നിയമവും നിബന്ധനകളും**

എ.) വായ്പാക്കാരൻ വായ്പ അനുവദിച്ചു എന്നത് ഒരു കത്ത് മുഖേന അറിയിക്കുന്നതും, ആയതിൽ വായ്പ അനുവദിച്ച തുകയും അതിന്റെ നിബന്ധനകളും നിർദ്ദേശങ്ങളും അതായത് വാർഷിക പലിശയുടെ നിരക്കും അതു നടപ്പിലാക്കുന്ന വിധവും ഉണ്ടായിരിക്കുന്നതും, അത് വായ്പാക്കാരന കിട്ടി എന്നതിന് ഒരു രേഖയും ഉണ്ടായിരിക്കുന്നതാണ്. കൂടാതെ വൈകി അടക്കുന്നതിനുള്ള പിഴ പലിശയും വ്യക്തമായി വായ്പാ ഉടമ്പടിയിൽ കാണിക്കുന്നതാണ്.

b) ചില സന്ദർഭങ്ങളിൽ വായ്പാക്കാരനൻ വായ്പ അനുവദിക്കുന്ന സമയത്ത് അവർക്ക് കരാർ ഉടമ്പടികളെക്കുറിച്ച് വ്യക്തമായ അറിവ് ഉണ്ടായിരിക്കില്ല.

കാരണം ബാങ്കിതര ധനകാര്യസ്ഥാപനങ്ങൾ വ്യക്തമായ ഉടമ്പടി വ്യവസ്ഥകളെക്കുറിച്ച് അറിയാൻ വേണ്ടത്ര സമയം നൽകുന്നില്ല.

c) വായ്പാ ഉടമ്പടിയുടെ പകർപ്പ് നൽകാതിരിക്കുന്നതും, വായ്പാ ഉടമ്പടിയിൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കാതിരിക്കുന്നതും ബാങ്കിതര ധനകാര്്യസ്ഥാപനവും വായ്പാക്കാരനും തമ്മിൽ വായ്പയിൻമേൽ തർക്കം ഉണ്ടാവാൻ കാരണമാകുന്നു.

d) മലയാളത്തിലോ അല്ലെങ്കിൽ ഇടപാടുകാരന് മനസ്സിലാവുന്ന ഭാഷയിലോ വായ്പാ ഉടമ്പടിയുടെ ഒരു പകർപ്പും അതിൽ പറഞ്ഞിരിക്കുന്ന കുടെ വെക്കേണ്ട രേഖകളുടെ വിവരവും ലോൺ അനുവദിക്കുമ്പോഴോ അല്ലെങ്കിൽ വിതരണം ചെയ്യുമ്പോഴോ നൽകുന്നതാണ്.

### **III, വായ്പാ വിതരണവും വ്യവസ്ഥകളിലും ഉടമ്പടികളിലും ഉള്ള മാറ്റങ്ങൾ**

a) വായ്പാ തിരിച്ചടവ് പട്ടിക, പലിശ നിരക്ക്, സർവ്വീസ് ചാർജ്, മുൻകൂർ അടവിന്റെ ചാർജ് എന്നിവയിൽ വരുന്ന മാറ്റത്തിനെക്കുറിച്ച് മലയാളത്തിലോ അഥവാ ഇടപാടുകാരൻ മനസ്സിലാവുന്ന മറ്റു ഭാഷയിലോ അറിയി ക്കുന്നതാണ്. വായ്പാ പലിശയിലും ചാർജുകളിലും വരുന്ന മാറ്റം ന്യായീകരിക്കത്തക്കതാണെന്ന് വികാസ് ഉറപ്പ് വരുത്തുന്നതാണ്. ഈ കാര്യത്തിന് അനുയോജ്യമായ ഒരു നിബന്ധന വായ്പാ ഉടമ്പടിയിൽ ഉണ്ടായിരി ക്കുന്നതാണ്.

b) ലോൺ തിരിച്ചടവ്, പലിശനിരക്ക് എന്നിവയിലുള്ള മാറ്റം വായ്പാ ഉടമ്പടിയോട് ചേർന്നുപോവുന്ന തായിരിക്കും.

c) വായ്പാക്കാരൻ മുഴുവൻ വായ്പാതുകയും അടച്ചുകഴിഞ്ഞാൽ എല്ലാ രേഖകളും വായ്പാക്കാരൻ തിരിച്ചു നൽകുന്നതാണ്. ഏതെങ്കിലും രേഖകൾ ഇടപാടുകാരൻ തിരിച്ചു ലഭിക്കാത്ത പക്ഷം എല്ലാ വിവരങ്ങളും കാണിച്ച് ആവശ്യപ്പെടുമ്പോൾ ഇടപാട് എല്ലാംതന്നെ തീർന്നു എന്ന് ഉറപ്പാക്കി വികാസ് ഇടപാടുകാരൻ രേഖകൾ തിരിച്ചു നൽകുന്നതായിരിക്കും.

**IV. പൊതുവായവ**

a) വായ്പാ ഉടമ്പടിയിൽ പറഞ്ഞ കാര്യങ്ങളിലല്ലാതെ അതായത് മുൻപെ പറഞ്ഞ കാര്യങ്ങളല്ലാതെ പുതിയത് കമ്പനി അറിഞ്ഞാൽ ഇടപാടുകാരന്റെ കാര്യങ്ങളിൽ ഇടപെടുന്നതിൽനിന്നും കമ്പനി വിട്ടുനിൽക്കുന്നതായിരിക്കും.

b) ബാധ്യത മാറ്റണമെങ്കിൽ വായ്പാക്കാരൻ അപേക്ഷ നൽകേണ്ടതും, കമ്പനിക്ക് സമ്മതമാണെങ്കിൽ അപേക്ഷ സ്വീകരിച്ച് 21 ദിവസത്തിനുള്ളിൽ വായ്പാക്കാരനെ വിവരം അറിയിക്കേണ്ടതും, ബാധ്യത മാറ്റുന്നത് നിയമപ്രകാരമുള്ള നിബന്ധനയോടുകൂടിയായിരിക്കും.

c) C) വായ്പ തിരിച്ചുപിടിക്കാൻ വായ്പക്കാരോട് കമ്പനി ഒരു തരത്തിലും അപമര്യാദയായി പെരുമാറുന്നതല്ല. അതായത് അസമയങ്ങളിൽ വായ്പാക്കാരെ ബുദ്ധിമുട്ടിക്കുന്ന തരത്തിലും മസിൽപവർ ഉപയോഗിച്ച് വായ്പ തിരിച്ചടപ്പിക്കുക എന്നത് ചെയ്യുന്നതല്ല. ഇടപാടുകാരോട് മാന്യതയോടും വിനയത്തോടുംകൂടിയുള്ള പെരുമാറ്റവും ജീവനക്കാർക്ക് ഉണ്ടാകും എന്ന് വികാസ് ഉറപ്പു വരുത്തും.

**V. തർക്ക പരിഹാരം**

തർക്ക പരിഹാരം നടത്തുന്നത് കമ്പനിയുടെ മാനേജിംഗ് ഡയറക്ടറും, കാപ്ലയിൻസ് ഓഫീസറും ആണ്. കമ്പനിയുടെ ഭരണസമിതി ആനുകാലികമായി “ഫെയർ പ്രാക്ടീസ് കോഡ് "ന്റെയും തർക്കപരിഹാരത്തിന്റെയും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതാണ്.

**VI. വിവര പ്രദർശനം**

ഉപഭോക്താക്കൾക്ക് വേണ്ടി വികാസ് രജിസ്ട്രേഡ് ഓഫീസിലും (ബ്രാഞ്ചുകളിലും ബിസിനസ്സ് നടത്തുന്ന സ്ഥലങ്ങളിലും താഴെ പറയുന്ന വിവരങ്ങൾ പ്രദർശിപ്പിക്കുന്നതാണ്.

എ) തർക്ക പരിഹാര ഓഫീസറുടെ പേരും വിലാസവും (ഫോൺ നമ്പർ, ഇ-മെയിൽ ഐ.ഡി. സഹിതം), കമ്പനിക്കെതിരെ എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ പരിഹരിക്കുന്നതിനായി പൊതുജനത്തിനും ഇടപാടു കാർക്കും മേൽപറഞ്ഞ ഉദ്യോഗസ്ഥനെ സമീപിക്കാവുന്നതാണ്.

ബി) തർക്കം/പരാതി ഒരു മാസത്തിനുള്ളിൽ പരിഹരിക്കാനായില്ലെങ്കിൽ ഇടപാടുകാരൻ താഴെ പറയുന്ന വിലാസത്തിൽ പരാതിപ്പെടാവുന്നതാണ്.

**അസിസ്റ്റന്റ് ജനറൽ മാനേജർ**

**ഡിപ്പാർട്ട്മെന്റ് ഓഫ് നോൺ ബാങ്കിംഗ് സൂപ്പർവിഷൻ (DNBS) റിസർവ്വ് ബാങ്ക്: ഓഫ് ഇന്ത്യ**

**ബേക്കറി ജംഗ്ഷൻ, പി.ബി. നമ്പർ 6507**

**തിരുവനന്തപുരം – 695 033**

**ഫോൺ : 0471 - 2338818. ഫാക്സ് ; 0471 - 2320308 ഇ-മെയിൽ : dnbsthiro@rbi.org.ഇൻ**

**VII അധിക പലിശക്കെതിരെയുള്ള പരാതി**

ബാങ്കിതര ധനകാര്യസ്ഥാപനങ്ങൾ അമിതമായ പലിശ ഈടാക്കുന്നു എന്ന കാര്യത്തിൽ ധാരാളം പരാതികൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യക്ക് ലഭിക്കുന്നുണ്ട്. പലിശനിരക്ക് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ക്രമീകരിച്ചിട്ടില്ല എങ്കിൽ കൂടി പലിശനിരക്ക് ഒരു നിശ്ചിത പരിധിക്കപ്പുറം കൂടുന്നത് അധികമായി കണക്കാക്കുന്നു. അത് ഒരു സാധാരണ സാമ്പത്തിക ഇടപാടായി കണക്കാക്കപ്പെടുന്നില്ല. വികാസിന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് പലിശനിരക്കിന്റെ കാര്യത്തിൽ ആന്തരികമായ നിയമാവലികളും രീതികളും അവലംബിക്കുന്നതാണ്. ഈ പറഞ്ഞ കാര്യത്തിൽ വായ്പയുടെ നിയമങ്ങളിലും വ്യവസ്ഥകളിലും സുതാര്യത "ഫെയർ പ്രാക്ടീസ് കോഡിൽ" പറഞ്ഞപോലെ ആയിരിക്കും.

**VIII. വികാസ് അധിക പലിശ ഈടാക്കുന്നതിന്റെ നിയമം**

a) ബോർഡ് അംഗങ്ങൾ അനുയോജ്യമായ പലിശ നിരക്ക് നിശ്ചയിക്കുന്നതിന് മൂലധന ചിലവ്, ലാഭനഷ്ട സാധ്യതകൾ എന്നിവ കണക്കിലെടുത്താണ്. അപേക്ഷയിൽ പറഞ്ഞ പ്രകാരം പല തരത്തിലുള്ള വായ്പകൾ ക്കെതിരെ വിവിധതരം പലിശ ഈടാക്കുന്നത് ഇടപാടുകാരനെ അപേക്ഷാഫോമിലൂടെയോ അല്ലെങ്കിൽ ലോൺ അനുവദിച്ചു എന്ന കത്തിലൂടെയോ അറിയിക്കുന്നതാണ്.

b) പലിശനിരക്കും നഷ്ടസാധ്്യതകളുടെ തരംതിരിവും കമ്പനിയുടെ വെബ്സൈറ്റിൽ പ്രദർശിപ്പിക്കുകയും കമ്പനിയുടെ നോട്ടീസ് ബോർഡിലൂടെയും വർത്തമാന പ്രതങ്ങളിലൂടെയും ഇടപാടുകാരനെ അറിയിക്കുന്ന താണ്. പലിശനിരക്കിൽ മാറ്റം വരുത്തുമ്പോൾ അപ്പോൾതന്നെ വെബ്സൈറ്റിലും നോട്ടീസ്ബോർഡിലും മാറ്റം വരുത്തുന്നതാണ്.

c) പലിശ നിരക്ക് വാർഷിക അനുപാതത്തിലാക്കുക മൂലം ഇടപാടുകാരൻ കൃത്യം അടയ്ക്കേണ്ട തുക യെപ്പറ്റി അറിയാൻ സാധിക്കുന്നു.

## B) സ്വർണ്ണ പണയത്തിനെതിരെയുള്ള വായ്പ

സ്വർണ്ണാഭരണങ്ങൾ വെച്ച് വായ്പ നൽകുമ്പോൾ വികാസ് മുകളിൽ പറഞ്ഞ കാര്യങ്ങൾ കൂടാതെ താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൂടി ചേർക്കുന്നു.

## 1) സ്വർണ്ണവായ്പ നൽകുന്നതിൽ ബോർഡ് പാലിക്കുന്ന നിയമങ്ങൾ

a) റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ (യിലൂടെ പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക വഴി ഇടപാടുകാരൻ വായ്പ നീട്ടുമ്പോൾ അറിയാൻ സാധിക്കുന്നു.

b) ലഭിച്ച സ്വരണ്ണാഭരണങ്ങളുടെ വില നിശ്ചയിക്കുന്നു.

c) സ്വർണ്ണത്തിന്റെ ഉടമസ്ഥതയിൽ കമ്പനിയുടെ സംതൃപ്തിക്കുള്ള ആന്തരിക സംവിധാനം.

d) ആഭരണം സുക്ഷിക്കുന്നതിന് സുരക്ഷിത സ്ഥലം, ജീവനക്കാർ, പരിശീലനം, ഇന്റേണൽ ഓഫീസേഴ് സിന്റെ സമയാസമയങ്ങളിലുള്ള പരിശോധന (നടപടിക്രമങ്ങളിലെ കൃത്യത

പരിശോധിക്കാൻ.

e) സ്വർണ്ണം സ്വീകരിക്കുന്നത് ലോണിന് തത്തുല്യമായതിനാൽ ഇൻഷൂറൻസ് പരിരക്ഷ നൽകുന്നു.

f) തുക തിരിച്ചടക്കാത്ത പക്ഷം ബോർഡ് അംഗീകരിച്ച നയം പ്രകാരം ആഭരണങ്ങളുടെ ലേലം നടത്തു ന്നതും, അത് സുതാര്യവും കൂടാതെ ഇടപാടുകാരൻ മുൻകൂർ നോട്ടീസ് ലേലദിവസത്തിനു മുൻപ് നൽകുന്നതു മായിരിക്കും. ലേലത്തിന്റെ നടപടിക്രമങ്ങൾ ഇടപാടുകാരൻ ആവശ്യപ്പെടുമ്പോൾ നൽകുന്നതാണ്.

g) ലേലം അറിയിക്കുന്നതിനായി ചുരുങ്ങിയത് 2 പത്രത്തിലെങ്കിലും പരസ്യം നൽകണം. ഒന്ന് പ്രദേശിക ഭാഷയിലുള്ളതും മറ്റേത് ദേശീയ പത്രവും ആയിരിക്കും.

h) കമ്പനി ലേലത്തിൽ പങ്കെടുക്കുന്നതല്ല.

i) ബോർഡ് അംഗീകരിക്കുന്ന ലേലക്കാർ മുഖേന പണയസ്വർണ്ണം ലേലം ചെയ്യുന്നതാണ്.

j) നടപടിക്രമങ്ങളിൽ ചതി പറ്റാതിരിക്കാൻ വികാസ് ഒരു നിയമം രൂപീകരിക്കുന്നതാണ്.

**2) വായ്പാ ഉടമ്പടിയിൽ ലേല നടപടിയെപ്പറ്റിയുള്ള വിശദാംശങ്ങൾ നൽകിയിരിക്കും.**

**C) ആന്തരിക നിയ്ത്രണ സംവിധാനത്തിന്റെ ഭാഗമായി ഓഡിറ്റും ആനുകാലികമായ പരിശോധനയും വികാസ് ഉറപ്പു വരുത്തുന്നു**.

**D) മറ്റുള്ളവ**

a) ഫെയർ പ്രാക്ടീസ് കോഡ്" പ്രാദേശികഭാഷയിൽ വികാസിന്റെ ഓഫീസിലും ബ്രാഞ്ച് ഓഫീസുകളിലും പ്രദർശിപ്പിക്കുന്നതാണ്.

b) മലയാളത്തിൽ സുതാര്യതയോടെ Fair Lending PracticeeMIS) SS പ്രതിബദ്ധത വികാസ് തങ്ങളുടെ ഓഫീസിലും വായ്പാ കാർഡിലും പ്രദർശിപ്പിക്കുന്നതാണ്.

c) വയ്പ്പാക്കാരന്റെ നിലവിലുള്ള വായ്പകളെക്കുറിച്ച് അന്വേഷണം നടത്താൻ ഫീൽഡ് സ്റ്റാഫിന് ആവശ്യമായ പരിശീലനം നൽകുന്നതാണ്.

d) വായ്പക്കാർക്ക് എന്തെങ്കിലും പരിശീലനം വേണമെങ്കിൽ സൌജന്യമായി വികാസ് നൽകുന്നതാണ്. വായ്പയെപ്പറ്റിയും മറ്റു സേവനങ്ങളെപ്പറ്റിയും വായ്പക്കാർക്ക് അവബോധം നൽകുന്നതിന് ആവശ്യമായ പരിശീലനം ഫീൽഡ് സ്റ്റാഫിന് നൽകുന്നതാണ്.

e) പ്രാബല്യത്തിലിരിക്കുന്ന പലിശ നിരക്കിനെപ്പറ്റിയും തർക്ക പരിഹാര പദ്ധതിയെപ്പറ്റിയും മലയാളത്തിൽ വികാസിന്റെ ഓഫീസിലും വെബ്സൈറ്റിലും പ്രദർശിപ്പിക്കുന്നതാണ്.

f) ജീവനക്കാർ അപമര്യാദയായി പെരുമാറുന്നത്, തർക്കപരിഹാരം വൈകുന്നത് എന്നിവ തടയും എന്നത് “ഫെയർ പ്രാക്ടീസ് കോഡിലും”, വായ്പാ ഉടമ്പടിയിലും വികാസ് സാക്ഷ്യപ്പെടുത്തുന്നതായിരിക്കും.

g) റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ KYC നിർദ്ദേശങ്ങൾ സൂക്ഷിക്കുന്നത് മൂലം ഇടപാടുകാരന്റെ തിരിച്ചടവിനുള്ള കഴിവ് ശ്രദ്ധിക്കാനും ഉറപ്പു വരുത്താനും കഴിയുന്നു.

h) 2011ലെ റിസർവ് ബാങ്ക്: ഓഫ് ഇന്ത്യയുടെ നിർദ്ദേശ പ്രകാരം വായ്പ അനുവദിക്കുന്നതും നൽകുന്നതും ഒരേ കേന്ദ്രത്തിലും ഒന്നിൽ കൂടുതൽ വ്യക്തികൾ ഇതിൽ ഇടപെടുമ്പോൾ ലോൺ അനുവദിക്കുന്നതിൽ ഒരാൾ നേതൃത്വം വഹിക്കുന്നതുമാണ്.

i) ലോൺ നൽകാൻ തടസ്സങ്ങൾ ഒന്നുമില്ലെങ്കിൽ മുൻകൂട്ടി നിശ്ചയിച്ച സമയക്രമത്തിനുള്ളിൽ വായ്പ അനുവദിക്കുന്നു എന്ന് ഉറപ്പു വരുത്തി വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

**പ്രധാന വസ്തുതകൾ**

ഇടപാടുകാരുമായുള്ള ഇടപാടിൽ വികാസ് താഴെ പറയുന്ന കാര്യങ്ങൾക്ക് ബാധ്യസ്ഥരാണ്.

**1) ഇടപാടുകാരോടുള്ള എല്ലാ ഇടപാടും നല്ല രീതിയിലും ന്യായപരവും ആക്കാൻ**

a) “ഫെയർ പ്രാക്ടീസ് കോഡിൽ” ഉള്ള മാനദണ്ഡങ്ങൾക്കും ബാധ്യതകൾക്കും അനുസരിച്ചായിരിക്കും വികാസിന്റെ ഉൽപ്പന്നങ്ങൾ, സേവനം, നടപടിക്രമം, പരിശീലനം എന്നിവ.

b) വികാസിന്റെ സേവനങ്ങളും ഉൽപ്പന്നങ്ങളും കാലാനുസൃതമായ നിയമങ്ങളും ചട്ടക്കൂടും അനുസ രിച്ചാണ്.

c) ഇടപാടുകാരോടുള്ള ഇടപെടൽ സത്യസന്ധവും മൂല്യബോധമുള്ളതും സുതാര്യവും ആയിരിക്കും.

**2) വികാസിന്റെ വിവിധ സേവനങ്ങളും ഉൽപ്പന്നങ്ങളും മനസ്സിലാക്കുന്ന കാര്യത്തിൽഇടപാടുകാർക്ക് എല്ലാവിധ പിന്തുണയും വികാസ് നൽകുന്നതായിരിക്കും.**

a) ഇടപാടുകാർക്ക് വേണ്ട വിവരങ്ങൾ മലയാളത്തിൽ അല്ലെങ്കിൽ ഇടപാടുകാർക്ക് മനസ്സിലാവുന്ന ഭാഷയിൽ നൽകുന്നതായിരിക്കും.

b) ഇടപാടുകാരുടെ സാമ്പത്തിക ലാഭം വിശദീകരിച്ചുകൊടുക്കൽ.

c) അവരുടെ ആവശ്യങ്ങളെ നിറവേറ്റുന്ന രീതിയിലുള്ള സേവനങ്ങളും ഉൽപ്പന്നങ്ങളും തിരഞ്ഞെടുക്കു ന്നതിന് ഇടപാടുകാരെ സഹായിക്കുന്നു.

**3) വികാസ് ഇടപാടുകാർക്ക് വേണ്ട സേവനങ്ങളും ഉൽപ്പന്നങ്ങളും തിരഞ്ഞെടുക്കു ന്നതിനു വേണ്ട മാർഗ്ഗനിർദ്ദേശം നൽകുന്നു.**

a) ഇടപാടുകാരനുമായി ബന്ധം ഉണ്ടാക്കുന്നതിനു മുമ്പുതന്നെ ഇടപാടുകാർ താൽപ്പര്യം കാണിക്കുന്ന സേവനങ്ങളുടേയും ഉൽപ്പന്നങ്ങളുടേയും വിവരങ്ങൾ വിശദീകരിച്ച് കൊടുക്കുന്നു.

b) ഇടപാടുകാരുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും വിവരങ്ങൾ നൽകുക.

c) സമയാസമയങ്ങളിൽ നിയമപ്രകാരമുള്ള മാറ്റം വരുത്തുന്നതിന് അനുസൃതമായി KYC ഫോമിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശേഖരിക്കുന്നു

d) ഇടപാടുകാരുടെ /കുടുംബത്തിന്റെ അധിക വിവരങ്ങൾ ശേഖരിക്കുക, ഇടപാടുകാരുടെ പട്ടിക തയ്യാറാക്കുന്നതിനു വേണ്ടിയാണ്. പക്ഷേ അത് അവരുടെ സമ്മതപ്രകാരം ആയിരിക്കും.

**4) വികാസ് തങ്ങളുടെ സേവനങ്ങളും ഉൽപ്പന്നങ്ങളും ലഭ്യമാക്കാൻ വിവിധ വഴിക ളിലൂടെ വിവരങ്ങൾ ശേഖരിക്കും. കൂടുതൽ സേവനങ്ങൾ ലഭ്യമാകും എന്ന വിവരം ഇടപാടുകാർക്ക് നൽകുന്നതാണ്.**

a) ഒരിക്കൽ ഒരു ഇടപാടുകാരൻ ഒരു ഉൽപ്പന്നം തിരഞ്ഞെടുത്താൽ അത് എങ്ങിനെ പ്രവർത്തിക്കും എന്ന് വികാസ് വിശദീകരിക്കും.
b) ഒരു ഉൽപ്പന്നം തിരഞ്ഞെടുക്കുമ്പോൾ അതിന്റെ അവകാശങ്ങളെക്കുറിച്ചും ഉത്തരവാദിത്തങ്ങളെക്കു റിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും വികാസ് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുന്നു.

c) ഏതെങ്കിലും സാമ്പത്തികവും സാമ്പത്തികേതരവുമായ സേവനങ്ങൾ വാഗ്ദാനം ചെയ്യുന്നതിനു മുമ്പ് ഇടപാടുകാരന്റെ തിരിച്ചടക്കാനുള്ള കഴിവ് കൂടി കണക്കിലെടുക്കുന്നതാണ്.

d) വികാസിന്റെ വായ്പാ അപേക്ഷയിൽ ഇടപാടുകാരന്റെ താൽപ്പര്യങ്ങൾക്ക് അനുസരിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തുന്നതാണ്. അതുകൊണ്ട് മറ്റ് ബാങ്കിതര ധനകാര്്യസ്ഥാപനങ്ങളുടെ വ്യവസ്ഥകളുമായി താരതമ്യം ചെയ്യുവാനും അതനുസരിച്ച് തീരുമാനം എടുക്കുവാനും സാധിക്കും.

e) വായ്പാ അപേക്ഷയിൽ അതിന്റെ കൂടെ സമർപ്പിക്കേണ്ട രേഖകളെക്കുറിച്ചുള്ള പരാമർശം ഉണ്ടായിരിക്കും.

f) വായ്പാ അപേക്ഷ സ്വീകരിച്ചു കഴിഞ്ഞാൽ ഒരു രശീതി ഇടപാടുകാരൻ നൽകുന്നതായിരിക്കും. വായ്പാ അപേക്ഷ തീർപ്പാക്കാനുള്ള ഒരു

നിശ്ചിത സമയക്രമം കൂടി അതിൽ ഉൾപ്പെടുത്തിയിരിക്കും.

g) വായ്പാ അപേക്ഷയുടെ തീരുമാനം കത്ത് മുഖേനയോ അല്ലാതെയോ ഇടപാടുകാരനെ അറിയിക്കേണ്ട താണ്. വായ്പ അനുവദിച്ചുകൊണ്ടുള്ള കത്തിൽ വാർഷിക പലിശ നിരക്കും അത് തീരുമാനിക്കുന്ന രീതിയും ഉണ്ടായിരിക്കും. അങ്ങനെയുള്ള വ്യവസ്ഥകൾ ഇടപാടുകാരൻ അംഗീകരിച്ചു എന്നതിന്റെ സമ്മതപ്രതം വികാസിന്റെ രേഖകളിൽ ഉണ്ടായിരിക്കും.

h) പലിശ നിരക്ക്, സർവ്വീസ് ചാർജ്, തിരിച്ചടവ് പട്ടിക, അധിക ചാർജ് എന്നിവയിൽ എന്തെങ്കിലും മാറ്റം ഉണ്ടായാൽ ഇടപാടുകാരന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ്. പലിശനിരക്കിലും മറ്റു ചാർജുകളിലും ഉണ്ടാകുന്ന മാറ്റം ന്യായീകരിക്കത്തക്കതാണെന്ന് വികാസ് ഉറപ്പു വരുത്തും. അങ്ങനെ മാറ്റം വരുന്നതിന് ഒരു പ്രത്യേക Clause വായ്പാ ഉടമ്പടിയിൽ ഉണ്ടായിരിക്കും.

i) ഒരു ഇടപാടുകാരൻ വികാസിന്റെ ഉൽപ്പന്നങ്ങളേയും സേവനങ്ങളേയും ആദ്യമായി ഉപയോഗിക്കുമ്പോൾ ആ പ്രത്യേക ഉൽപ്പന്നം / സേവനത്തിന്റെ നിയമങ്ങളും വ്യവസ്ഥകളും ഇടപാടുകാരൻ മനസ്സിലാക്കാനുള്ള സൌകര്യം ചെയ്യുന്നതാണ്.

j) ഇടപാടുകാരന്റെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും സംരക്ഷിക്കപ്പെടുന്ന തരത്തിൽ എല്ലാ വ്യവസ്ഥ കളും, നിബന്ധനകളും ലളിതമായ ഭാഷയിൽ ആയിരിക്കും. ആവശ്യമുള്ളയിടത്ത് നിയമപരവും സാങ്കേതിക പരവും ആയ ഭാഷ ഉപയോഗിക്കാവുന്നതാണ്.

k) ഇടപാടുകാരൻ ഇടപാട് ആരംഭിക്കുമ്പോൾ തന്നെ ഉൽപ്പന്നങ്ങളുടേയും സേവനങ്ങളുടേയും പ്രായോഗി കമായ ചാർജുകൾ വികാസ് ലഭ്യമാക്കും.

l) എന്തെങ്കിലും ചാർജുകൾ വർദ്ധിപ്പിക്കുമ്പോഴോ പുതിയവ നടപ്പിൽ വരുത്തുമ്പോഴോ വികാസ് അത് ഇടപാടുകാരനെ അറിയിക്കുന്നതാണ്.

m) ഒരു ഉൽപ്പന്നത്തെക്കുറിച്ച് ഇടപാടുകാരൻ ആവശ്യപ്പെടുമ്പോൾ അതിനു വേണ്ട വ്യവസ്ഥകളും നിബന്ധ നകളും വികാസ് നൽകുന്നതായിരിക്കും.

n) നിയമ നിർദ്ദേശങ്ങൾക്ക് അനുസൃതമായിരിക്കുന്നതിനേക്കാൾ ഉപരിയായി നല്ല മാറ്റങ്ങൾ വരുത്തുന്ന തായിരിക്കണം പലിശ നിരക്കിലും മറ്റു കാര്യങ്ങളിലുമുള്ള മാറ്റം.

o) Master Financing ഉടമ്പടി വ്യവസ്ഥകൾക്ക് അനുസരിച്ചായിരിക്കണം ചിലവിലും പ്രവർത്തനങ്ങളിലും മാറ്റം വരുത്തുവാനുള്ള തീരുമാനം.

p) ഏതു നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായിട്ടായിരിക്കും വികാസ് കുടിശ്ശിക എഴുതി ത്തള്ളുന്നത് എന്ന് ഇടപാടുകാരൻ നോട്ടീസ് നൽകിയതിനു ശേഷം മാത്രമേ പാടുകയുള്ളൂ. കൂടാതെ അത് Master Financing ഉടമ്പടിക്ക് അനുസരിച്ചായിരിക്കും.

q) A) വികാസിന്റെ പരസ്യവും ബിസിനസ്സ് വർദ്ധിപ്പിക്കുന്ന കാര്യങ്ങളും വ്യക്തവും നല്ലതും യുക്തിസഹവും ആയിരിക്കും. കൂടാതെ ഇടപാടുകാരനെ വഴിതെറ്റിക്കുന്നതായിരിക്കുകയുമില്ല.

r) അർഹനായിട്ടുള്ള ഇടപാടുകാരനാണെങ്കിൽ ഏതുതരം സാമ്പത്തിക സേവനവും, ഉൽപ്പന്നവും ലഭ്യമാ ക്കുകയും അതിൽ ചില ഉൽപ്പന്നങ്ങളും സേവനങ്ങളും വികാസിന്റേതായിരിക്കും. ചിലത് മറ്റു കമ്പനികളു ടേതോ ഗ്രൂപ്പുകളുടേതോ ആയിരിക്കും. മറ്റു ചിലത് വികാസ് ഏർപ്പാട് ചെയ്യുന്നതായിരിക്കും.

s) വിവിധ ഇടപാടുകാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ വികാസ് ശ്രമിക്കുന്നതാണ്.

t) ഇടപാടുകാരന്റെ വിവരങ്ങൾ തികച്ചും സ്വകാര്യവും രഹസ്യവും ആയി കണക്കാക്കും. ഇടപാടുകാരന്റെ അനുവാദമില്ലാത്ത പക്ഷം വിവരങ്ങൾ രഹസ്യമാക്കി വെയ്ക്കുവാൻ വികാസ് ശ്രമിക്കുന്നതാണ്.

u) വികാസ് ഇടപാടുകാരുടെ വിശദാംശങ്ങൾ മറ്റു വ്യക്തികളുമായി പങ്കു വെയ്ക്കില്ല. താഴെ പറയുന്ന സാഹചര്യങ്ങൾ ഒഴികെ.

i) നിയമത്തിനു മുമ്പിൽ ഹാജരാക്കേണ്ടി വരുമ്പോൾ

ii) പൊതുജനങ്ങൾക്കു മുന്നിൽ വെളിപ്പെടുത്തേണ്ട സാഹചര്യത്തിൽ.

iii) വികാസിന്റെ താൽപ്പര്യപ്രകാരം വെളിപ്പെടുത്തേണ്ടി വരുമ്പോൾ. ഉദാ :- വഞ്ചന തടയൽ

ഇടപാടുകാരന്റെ വിവരങ്ങൾ വിപണന തന്ത്രമായി ഉപയോഗിക്കാൻ മറ്റുള്ളവർക്കോ മറ്റു കമ്പനികൾക്കോ വികാസ് നൽകുന്നതല്ല.

വികാസിന്റെ സ്വന്തം ഗ്രൂപ്പ് കമ്പനികൾക്കോ മറ്റു കമ്പനികളുടെ സേവനങ്ങൾക്കോ ഉൽപ്പന്നങ്ങൾക്കോ വേണ്ടി ഉപയോഗിക്കാൻ ഇടപാടുകാരന്റെ സമ്മതത്തോടു കൂടി ഇടപാടുകാരന്റെ വിവരങ്ങൾ നൽകുന്നതായിരിക്കും.

ഇടപാടുകാരുടെ തർക്ക പരിഹാരത്തിനായി അതായൽ വായ്പ, ബിസിനസ്സുമായി ബന്ധപ്പെട്ട കാര്യങ്ങൾ, വായ്പാ തീരുമാനങ്ങൾ, വായ്പാ നിയന്ത്രണവും തിരിച്ചടവും എന്നിവയ്ക്കായി ഒരു ഓഫീസറെ നിയമിച്ചിരിക്കുന്നു. ആ ഓഫീസറുടെ പേരും വിലാസവും താഴെ പറയുന്നു. കൂടാതെ അത് വികാസിന്റെ വെബ്സൈറ്റിൽ പ്രദർശിപ്പിച്ചിട്ടുമുണ്ട്.

**Mr. സതീഷ് പി**

**കംപ്ലയിൻസ് ഓഫീസർ**

**വികാസ് മണി ലിമിറ്റഡ്**

**റെജി.ഓഫീസ്, അഞ്ജലി ടവർ**

**കാവുവട്ടം, ചെർപ്പുളശ്ശേരി**

**പിൻ: 679503**

**info@vikasamoney.com**

**8606572223, 9388312200**